# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 165

22/01/2014- ൽ മറുപടിക്ക്

## മത്സ്യഗ്രാമ വികസന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| എ) സംസ്ഥാനത്ത് മത്സ്യഗ്രാമ വികസന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ യെന്ന് വിശദമാക്കുമോ ; | എ) സംസ്ഥാനത്ത് മാതൃകാ മത്സ്യഗ്രാമ വികസന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ആദ്യ പടിയായി തിരഞ്ഞെടുക്കപ്പെട്ട 11 തദ്ദേശസ്വയംഭരണ പ്രദേശത്ത് 135 കോടി രൂപയുടെ ഭവന നിർമ്മാണ പ്രവർത്തനത്തിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഇതുകൂടാതെ വികസനപരമായി പിന്നോക്കം നിൽക്കുന്ന തിരഞ്ഞെടുത്ത 25 മത്സ്യഗ്രാമങ്ങളിൽ, 2012-13 സാമ്പത്തിക വർഷം 50 കോടി രൂപ ഉപയോഗിച്ച് സംയോജിത മത്സ്യഗ്രാമ വികസനപദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകി പദ്ധതി നിർവ്വഹണം ആരംഭിച്ചു. ഇതിനു പുറമെ ഈ സാമ്പത്തിക വർഷത്തിലും (2013-14) തെരെഞ്ഞെടുക്കപ്പെട്ട 20 മത്സ്യഗ്രാമങ്ങളിൽ 40 കോടി രൂപ ഉപയോഗിച്ച് സംയോജിത മത്സ്യഗ്രാമ വികസനപദ്ധതി നടപ്പിലാക്കുന്നു. ഇതിനായി 20 ഗ്രാമങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2013-14 സാമ്പത്തിക വർഷം 13 - ാം ധനകാര്യ കമ്മീഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപ മത്സ്യ |

മേഖലയിലെ കക്കൂസുകളുടെ നിർമ്മാണത്തിനും 5 കോടി രൂപ വീടുകളുടെ അറ്റകുറ്റ പണികൾ/ നവീകരണത്തിനുമായി വിനിയോഗിക്കുന്നതാണ്.

| | |
|---|---|
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ; | ബി) തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളിൽ സമഗ്ര അടിസ്ഥാന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയെന്നതാണ് ഈ പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യം. സംയോജിത മത്സ്യഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തി തിരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. മാതൃകാ മത്സ്യഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഭവന നിർമ്മാണത്തിനും, സാനിട്ടേഷനും, മത്സ്യത്തൊഴിലാളി കോളനികളുടെ പുനരുദ്ധാരണത്തിനും, ഫിഷറീസ് സ്കൂളുകളുടെ നവീകരണത്തിനുമാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ; | സി) ഓരോ മത്സ്യഗ്രാമങ്ങളിലേയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതു വഴി മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) മാതൃകാ മത്സ്യഗ്രാമ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 11 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലെ മത്സ്യഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനായി ആകെ 160 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിൽ 135 കോടി രൂപയും ഭവന നിർമ്മാണത്തിനാ |

യാണ് ചെലവഴിക്കുന്നത്. 25 കോടി രൂപ ചെലവിട്ട് സാനിട്ടേഷൻ, കുടിവെള്ളം, വൈദ്യുതി, സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ വിദ്യാഭ്യാസ സൗകര്യങ്ങൾ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നു. 25 കോടി രൂപ 10 ഫിഷറീസ് സ്കൂളുകളുടെ നവീകരണത്തിനായി നീക്കിവെച്ചിരിക്കുന്നു. ഈ പദ്ധതി പ്രകാരം 4973 വീടുകളും 8212 കക്കൂസുകളും അനുവദിച്ചിട്ടുണ്ട്. മാതൃകാ മത്സ്യഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, വലിയതോപ്പ് എന്നിവിടങ്ങളിൽ വൈദ്യുതീകരണം, കുടിവെള്ള വിതരണം, തീരദേശറോഡ് നിർമ്മാണം, ബേപ്പൂർ, മാറാട് എന്നിവിടങ്ങളിൽ വൈദ്യുതീകരണം, കുടിവെള്ള വിതരണം, ബേപ്പൂരിൽ തീരദേശ റോഡ് നിർമ്മാണം, വിദ്യാഭ്യാസ സ്ഥാപന നവീകരണം, ആനാപ്പുഴ മത്സ്യഗ്രാമത്തിൽ വൈദ്യുതീകരണം, വലിയതുറയിൽ ആശുപത്രി കെട്ടിട നിർമ്മാണം എന്നീ സൗകര്യങ്ങളാണ് മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നത്.

സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുത്ത 45 മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ.